**Week -2**

# Weekly - Devotion October - 2016

## Houses of Mezuzah ( വിശ്വാസികളുടെ ഭവനങ്ങൾ )




ചെറുതും വലുതുമായ ആധുനീക ഭവനങ്ങളുടെ പടിവാതിലുകളിലും, മുഖ്യകവാടങ്ങളിലും കുടുംബനാഥന്റെ പേരുവിവരങ്ങൾ എഴുതി വയ്ക്കാറുണ്ട്. ആ ഭവനത്തിൽ താമസിക്കുന്ന ആളെ കണ്ടു പിടിക്കുവാൻ അപരിചിതനെ അത് സഹായിക്കുന്നു. അടിമത്വത്തിൽ നിന്ന് താൻ വിളിച്ചു കൊണ്ടുവന്ന ജനത്തെ തിരിച്ചറിയുവാൻ കനാനിൽ അവർ പാർക്കുന്ന ഭവനത്തിന്റെ പടിവാതിലുകളിലും കട്ടിളകളിന്മേലും കല്പനകൾ എഴുതിവയ്ക്കണമെന്ന് ദൈവം  കല്പിച്ചിരിക്കുന്നു. മാതാപിതാക്കൾ മക്കൾക്ക് അവർ കിടക്കുമ്പോഴും, ഇരിക്കുമ്പോഴും, നടക്കുമ്പോഴും കല്പനകൾ ഉപദേശിച്ചു കൊടുക്കേണമെന്നുംകല്പിക്കുകയുണ്ടായി (ആവ:11:18-21) അതനുസരിച്ച് യിസ്രായേൽ മക്കൾ ദൈവത്തിന്റെ കല്പനകൾ ചെറിയ ലോഹനിർമ്മിതമായ പെട്ടികളിലോ, തുകൽ സഞ്ചികളിലോ നിക്ഷേപിച്ച് കട്ടളകളിന്മേൽ പ്രതിഷ്ഠിക്കുമായിരുന്നു. ഇതിനെ മെസൂസ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്, ഇത് കാണുന്നവർ മനസ്സിലാക്കും ഇത് സർവ്വശക്തനിൽ വിശ്വസിക്കുന്നവരുടെ വീടാണെന്ന്.ഈ ഭവനങ്ങൾക്കുള്ള മറ്റൊരു പ്രത്യേകത ഇവർ അത്യുന്നതനായ ദൈവത്തെ മഹത്വപ്പെടുത്തിയിരുന്നു എന്നുള്ളതാണ്, അതിനാൽ ദൈവം അവരെ അനുഗ്രഹിച്ചിരുന്നു. അവ

രുടെ ശത്രുക്കളെ നീക്കിക്കളഞ്ഞ് അവർ കാൽ ചവിട്ടുന്ന ദേശം അവർക്ക് അവകാശമായി നൽകി അനുഗ്രഹിക്കും എന്ന് വചനം വ്യക്തമാക്കുന്നു. (ആവ :11:23-25).
ഒരു ക്രിസ്തീയ വിശ്വാസിയുടെ ഭവനം മറ്റൊരു വ്യക്തി തിരിച്ചറിയുന്നത് ആ വീട്ടിൽ നിന്ന് ഉയരുന്ന പ്രാർത്ഥനയുടെയും സ്ത്രോതത്തിന്റെയും സ്വരത്തിൽ നിന്നുമാണ് ഒരു വ്യക്തിയുടെ ജീവിതരീതിയും, സംസാരവും ഇവൻ ദൈവമുള്ളവനെന്ന് മറ്റുള്ളവരെക്കൊണ്ട് പറയിക്കുന്നതുമായിരിക്കണം, ഒരു ദൈവ പൈതൽ യാത്ര ചെയ്യുന്ന വാഹനവും ദൈവത്തിന്റെ നോട്ടത്തിൻ കീഴിലാണെന്ന് അവനോടൊപ്പം യാത്ര ചെയ്യുന്നവരും മനസ്സിലാക്കും. ദൈവമക്കളുടെ പ്രാർത്ഥന അവരെ മാത്രമല്ല കൂടെയുള്ളവരെയും സംരക്ഷകന്റെ കരങ്ങളിലേൽപ്പിക്കുന്നു.




പ്രസിദ്ധ മിഷനറിയായിരുന്ന എഷീഫർ യൂറോപ്പ് പര്യടനം കഴിഞ്ഞ് അമേരിക്കയിലേക്ക് മടങ്ങുകയായിരുന്നു. അദ്ദേഹം സഞ്ചരിച്ചിരുന്ന വിമാനം അറ്റ്ലാന്റ് സമുദ്രത്തിന്റെ മുകളിലൂടെ പറക്കുമ്പോൾ വിമാനത്തിന് എന്തോ തകരാറ് സംഭവിക്കുന്നു എന്ന തോന്നൽ അദ്ദേഹത്തിനുണ്ടായി അദ്ദേഹം പ്രാർത്ഥിക്കുവാനാരംഭിച്ചു. ഉടൻ തന്നെ വിമാനത്തിനകത്തും അടിയന്തിര സന്ദേശം മുഴങ്ങി. "വിമനത്തിന് എഞ്ചിൻ തകരാറുള്ളതിനാൽ അപകടം സംഭവിക്കാം, എല്ലാവരും അതിനാൽ ലൈഫ് ജാക്കറ്റുകൾ ധരിക്കുക" സഹയത്തിനുള്ള സന്ദേശം എല്ലായിടത്തേക്കും അയച്ചതിനാൽ വാർത്തകേട്ട മിഷനറിയുടെ കുടുംബാംഗങ്ങളും ശക്തമായി പ്രാർത്ഥിഷാൻ തുടങ്ങി. അതാ!വിമാനത്തിനകത്ത് വീണ്ടും സന്ദേശം കേൾക്കുന്നു. എല്ലാവരും ആകാംക്ഷയിലായി. തകരറുണ്ടായിരുന്നു എന്നത് ശരിയാണ് എന്നാൽ എഞ്ചിന് ഇഷോൾ കുഴഷമില്ല. എങ്ങനെ ഇത് സംഭവിച്ചു എന്നും അറിയുകയില്ല. ദയവായി ലൈഫ് ജാക്കറ്റ് മാറ്റുക. ഇത് കേട്ട ഷീഫർ പറഞ്ഞു എനിക്കറിയാം **"എന്റെ ദൈവം പ്രാർത്ഥനകേട്ട് പ്രവർത്തിച്ചതാണ്".**

പ്രീയരെ ! സയൻസ് പുരോഗമിച്ചാലും ആധുനീക സംവിധാനങ്ങൾ വർദ്ധിച്ചാലും അപകടം ധാരാളമാണ്. ഒരു പരിധി വരെ മാത്രമേ സകലതിനും നമ്മെ രക്ഷിഷാൻ കഴിയുകയുള്ളു. എന്നാൽ യഹോവ കൂടെയുണ്ടെങ്കിൽ കാൽ കല്ലിൽ തട്ടാതെ അഥാവ അപകടത്തിലാകാതെ അവൻ നമ്മെ രക്ഷിക്കുന്നു.

മറ്റ് തടവുകരോടൊഷം റോമിലേക്ക് യാത്ര പുറപ്പെട്ട പൗലോസിന് ആരംഭത്തിൽ യാത്ര കുഴഷമില്ലായിരുന്നു. എന്നാൽ പിന്നീട് കാറ്റ് പ്രതികൂലമായി ബാധിച്ചു.

ദിനരാത്രങ്ങൾ വേർതിരിച്ചറിയുവാൻ കഴിയാതെ അവർ ഘോരാന്ധകാരത്തിൽ ആയി കപ്പൽ ആടിയുലഞ്ഞു. മരണത്തിന്റെ അതിഭയാനകമായ സാഹചര്യത്തെ പൗലോസ് നേരിട്ടത് തടവുകാരെ പാർപ്പിച്ച അറയിൽ ഉപവസിച്ച് പ്രാർത്ഥിച്ചായിരുന്നു. വിളിച്ചിറക്കിയ ദൈവം തന്റെ പൈതലിനെ ഒരു ഈശാനമൂലന്റെയും കരാളഹസ്തത്തിന് വിട്ടുകൊടുക്കയില്ല. ദൈവം തന്റെ ദൂതനെ അയച്ച് കൂടെ യാത്ര ചെയ്യുന്ന **‘275’** പേരെയും രക്ഷിച്ച് നൽകുമെന്ന് ഉറപ്പും നൽകി. (Acts 27) . എന്നാൽ ഇവരെ മാത്രമല്ല ഇവർ രക്ഷപെട്ട് എത്തിയ ദ്വീപിലെ നിവാസികളെയും യേശുവിന് വേണ്ടി നേടുവാൻ പൗലോസിന് കഴിഞ്ഞു.

പ്രീയ കുഞ്ഞുങ്ങളെ ! കല്പന അനുസരിച്ച് ജീവിക്കുക , അത്ഭുതങ്ങൾ സംഭവിക്കും. യേശുവിന്റെ രക്തത്താൽ നിങ്ങൾ ഇട്ട അടയാളമുള്ളതിനാൽ ശത്രുവിന് നിങ്ങളെ ഒന്നും ചെയ്യുവാൻ കഴിയുകയില്ല. കല്പന കാത്തുകൊള്ളുന്നവരുടെ കാവൽ കർത്താവ് നടത്തുന്നു.

## പ്രാർത്ഥന

ഞങ്ങളുടെ പ്രാർത്ഥന കേൾക്കുന്ന നല്ല പിതാവേ സ്വന്ത വിവേകത്തിലൂന്നാതെ അങ്ങയെ അനുസരിപ്പാൻ കൃപ ചെയ്യേണമേ. ഞങ്ങളുടെ ഭവനത്തിനകത്തും പുറത്തും കല്പന അനുസരിച്ച് ജീവിച്ച് ദൈവപൈതലെന്ന് ശത്രുപോലും പറയുവാൻ , അത്ഭുതപ്പെടുത്തുവാൻ ഇടയാക്കേണമേ. കാൽകുടുങ്ങാതെ കാക്കുന്ന യേശുവിൻ നാമത്തിലപേക്ഷ കേൾക്കേണമേ.

ആമേൻ

Santhamma Varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind